(ഡി) വിദ്യാർത്ഥികൾ കുറഞ്ഞ സ്കൂളുകളും കോഴ്സുകളും സംബന്ധിച്ച് ഈ വർഷം എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

അടൂർ വിദ്യാഭ്യാസ ജില്ല

52 (1088) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ബി) നാളിതുവരെ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടിക്രമം ലഭ്യമാക്കാമോ ;

(സി) നിലവിൽ ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണങ്ങൾ എന്താണെന്ന വ്യക്തമാക്കാമോ ;

(ഡി) അടൂരിൽ സമയബന്ധിതമായി വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് ശ്രമമുണ്ടാകുമോ?

ഉത്തരം

(എ-ഡി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ച് തന്ന പ്രൊപ്പോസൽ ശിപാർശ ചെയ്തത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly